**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം**

ഹാജർ : ജസ്റ്റിസ് ശ്രീ. അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി നമ്പർ 2140/11/12/2024/ TVM**

പരാതിക്കാരൻ : ശ്രീ. ജിജോ ആന്റണി
ഓഫീസ് അറ്റൻഡന്റ്,
ഭൂവിനിയോഗ ബോർഡ്, വികാസ് ഭവൻ,
തിരുവനന്തപുരം.

എതിർകക്ഷി :

**ഉത്തരവ് തീയതി 7. 2. 2025**

ഭൂവിനിയോഗ ബോർഡ്, ഓഫീസ് അറ്റൻഡന്റായി ജോലി നോക്കുന്ന പരാതികക്ഷിയെ സ്ഥാപനത്തിലെ ഹരികൃഷ്ണൻ എന്ന ജീവനക്കാരൻ മർദ്ദിച്ചുവെന്നും മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും നീതി ലഭിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതിസംഗതി.

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ, കന്റോൺമെന്റ് തിരുവനന്തപുരം സിറ്റി 08-05-2024-ലെ റിപ്പോർട്ട് ലഭിച്ചു. ടി റിപ്പോർട്ടിൽ അന്വേഷണത്തിൽ പരാതിവിഷയത്തിലേക്ക് പരാതികക്ഷി വാദിയായി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 820/2023 u/s. 323, 341 IPC പ്രകാരം എതിർകക്ഷിയായ ഹരികൃഷ്ണനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ 02-09-2023 പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണെന്നും എന്നാൽ പരാതികക്ഷി എതിർകക്ഷികളായി പറഞ്ഞിട്ടുള്ളതായ ടിയാൻ ജോലി ചെയ്യുന്ന വകുപ്പിലെ നടപടികൾ സ്വീകരിക്കേണ്ടതിന് പരാതികക്ഷി സർക്കാർ തലത്തിൽ പരാതി നൽകേണ്ടതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 7-2-2025 തീയതി പരാതികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. ഇപ്പോഴും ഹരികൃഷ്ണൻ എന്നയാൾ ഭീഷണിപ്പെടുത്തുന്നതായി ടിയാൻ പറയുന്നു. ഇതു സംബന്ധിച്ച പരാതി വകുപ്പ് മേധാവിക്ക് നൽകാവുന്നതും, വകുപ്പ് മേധാവി പ്രാഥമികാന്വേഷണം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് പരാതികക്ഷിയ്ക്കും ഭൂവിനിയോഗ ബോർഡ് കമ്മീഷണർക്കും അയച്ചുകൊടുക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ